NATIONAL RURAL HEALTH MISSION
ആരോഗ്യകേരളം

# ആരോഗ്യകേരളം
വാർത്താപത്രിക

കേരള സർക്കാർ

www.arogyakeralam.gov.in    തിരുവനന്തപുരം    ഫെബ്രുവരി 2010    ലക്കം 7    വാല്യം 1

## ദേശീയ സയൻസ് കോൺഗ്രസ്സിൽ ജനശ്രദ്ധനേടി ആരോഗ്യകേരളം സ്റ്റാളുകൾ

കാര്യവട്ടം ക്യാമ്പസിൽ 2010 ജനുവരി 3 മുതൽ 7 വരെ നടന്ന 97ാമതു ദേശീയ സയൻസ് കോൺഗ്രസ്സിൽ ആരോഗ്യകേരളം സ്റ്റാളുകൾ ജനശ്രദ്ധയാകർഷിച്ചു. ആരോഗ്യകേരളത്തിന്റെയും തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരുക്കിയ സ്റ്റാളുകളിൽ ജീവിതശൈലീ രോഗനിയന്ത്രണത്തെക്കുറിച്ചുള്ള ബോധവത്കരണത്തിനാണ് മുൻതൂക്കം നൽകിയത്. പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ശരീരത്തിന്റെ തൂക്കവും പൊക്കവും രേഖപ്പെടുത്തി ബോഡിമാസ് ഇൻഡക്സ് അറിയുവാനുള്ള സംവിധാനം സ്റ്റാളിൽ ഒരുക്കിയിരുന്നു. 25– നു മുകളിൽ ബോഡിമാസ് ഇൻഡക്സ് ഉള്ളവർക്ക് പ്രമേഹവും രക്തസമ്മർദ്ദവും നിർണ്ണയിച്ച് ഡയറ്റീഷ്യൻമാർ വിദഗ്ദ്ധോപദേശം നൽകുകയും ചെയ്തു. പതിനായിരത്തിലധികം പേർ ഈ സൗകര്യം പ്രയോജനപ്പെടുത്തി. ഇതോടൊപ്പം സ്റ്റാളുകളിൽ പ്രദർശിപ്പിച്ച വിവിധ അവയവങ്ങളുടെ സ്പെസിമെനും ശ്രദ്ധേയമായി.




## ആരോഗ്യകേരളം തൃശ്ശൂരിന് മികച്ച ജനപ്രിയ സ്റ്റാളിനുള്ള പുരസ്കാരം

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച 'ആയുർവേദ –2010' നാഷണൽ എക്സ്പോയിൽ ആരോഗ്യകേരളം തൃശ്ശൂരിന്റെ സ്റ്റാൾ മികച്ച ജനപ്രിയ സ്റ്റാളിനുള്ള അവാർഡ് നേടി. സംവാദാത്മക പരിപാടികളിലൂടെ നടത്തിയ ആരോഗ്യബോധവത്ക്കരണ പരിപാടികളാണ് സ്റ്റാളിന് അവാർഡ് നേടിക്കൊടുത്തത്. ആരോഗ്യസന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കാനുള്ള നൂതന മാർഗ്ഗങ്ങളായ ആരോഗ്യചക്രത്തിലൂടെ പ്രജനനശൈശവ ആരോഗ്യപരിപാടി, ജീവിതശൈലീരോഗങ്ങൾ, പകർച്ച വ്യാധികൾ, പ്രതിരോധകുത്തിവയ്പ്, ദേശീയരോഗനിയന്ത്രണപരിപാടി എന്നീ അഞ്ച് വിഷയങ്ങളെക്കുറിച്ചും ഡാർട്ട് ബോർഡി' ലൂടെ ജീവിതശൈലീരോഗനിയന്ത്രണത്തെക്കുറിച്ചുമുള്ള സന്ദേശങ്ങൾ നൽകി. വിജ്ഞാനത്തോടൊപ്പം വിനോദവും പകർന്നു നൽകിയ കളികളിൽ പങ്കെടുത്ത 124 പേർക്ക് പ്രോത്സാഹന സമ്മാനം വിതരണം ചെയ്തു. പവലിയനിലെ എൽ.സി.ഡി ടി.വി.യിലൂടെ ആരോഗ്യ വിഷയങ്ങളെക്കുറിച്ച് ഡോക്യുമെന്ററികൾ, അനിമേഷൻ ക്ലിപ്പുകൾ എന്നിവ പ്രദർശിപ്പിച്ചു. ആയുഷ്ശാക്തീകരണം, ആരോഗ്യകേരളത്തിലൂടെ നൽകിവരുന്ന സേവനങ്ങൾ, ജീവിതശൈലീരോഗ നിയന്ത്രണം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചാർട്ടുകൾ പവലിയനിൽ പ്രദർശിപ്പിച്ചു. ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്തു.

ജനുവരി 13 മുതൽ 17 വരെ നടന്ന പ്രദർശനത്തിൽ നൂറിലേറെ സ്ഥാപനങ്ങളും സൊസൈറ്റികളും പങ്കെടുത്തു.

## ഉദ്ഘാടനം



ആലുവ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആരോഗ്യകേരളം ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം ആരോഗ്യവകുപ്പു മന്ത്രി പി.കെ.ശ്രീമതി ടീച്ചർ നിർവ്വഹിച്ചു. ഒരു കോടി അറുപത്തിരണ്ടു ലക്ഷം രൂപ ചെലവഴിച്ച് പുതിയ പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, ലെപ്രസി റൂം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളും ജനറൽലാബ്, ആർ.എൻ.റ്റി.സി.പി. ലാബ്, ഫാർമസി തുടങ്ങിയവയുടെ നവീകരണ പ്രവർത്തങ്ങളുമാണ് നടപ്പിലാക്കിയത്.

## ആരോഗ്യ ശുചിത്വസമിതികൾക്ക് ചപ്പാരപ്പടവ് മാതൃകയാകുന്നു

ആരോഗ്യകേരളം വാർഡുതല ആരോഗ്യശുചിത്വസമിതി ഫണ്ടുപയോഗിച്ച് കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 'എല്ലാ വീട്ടിലും ഒരു അടുക്കളത്തോട്ടം' എന്ന പരിപാടി നടപ്പിലാക്കി വരുന്നു. ഈ ആരോഗ്യപോഷണ പരിപാടിയിലൂടെ പച്ചക്കറികളുടെ ലഭ്യത ഉറപ്പുവരുത്താനും അടുക്കളമാലിന്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനും കഴിയുന്നു.

## 'കൈയ്യിൽ നിന്നും കൈകളിലേക്ക്...'

ദേശീയകൊതുകുജന്യരോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി ഇന്ത്യൻ തപാൽ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മലമ്പനിബോധവത്ക്കരണ പരിപാടിയായ 'കൈയ്യിൽ നിന്നും കൈകളിലേക്ക്" ആരോഗ്യവകുപ്പു മന്ത്രി പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തു. മലമ്പനി കൂടുതലായി കണ്ടുവരുന്ന കാസർകോട്, കണ്ണൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ 25 സ്ഥലങ്ങളിലാണ് പരിപാടി നടപ്പിലാക്കുന്നത്.

തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ 2010 ഫെബ്രുവരി 8 മുതൽ 15 വരെ വിതരണം ചെയ്യുന്ന എല്ലാ തപാൽ ഉരുപ്പടികളിലും മലമ്പനി ബോധവത്ക്കരണ സ്റ്റിക്കർ പതിപ്പിച്ച് നേരിട്ട് ജനങ്ങളിലെത്തിക്കും. ഏകദേശം 3 ലക്ഷത്തോളം പേർക്ക് ഇത്തരത്തിൽ ബോധവത്ക്കരണ സന്ദേശങ്ങൾ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.



# സാന്ത്വനപരിചരണത്തിന് പഞ്ചായത്തിന്റെ ഉപഹാരം



പത്തനംതിട്ടജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സാന്ത്വനപരിചരണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തിന് മാതൃകയാവുന്നു. ആരോഗ്യ കേരളം സാന്ത്വനപരിചരണ പദ്ധതിയുടെ ഗൃഹപരിചരണത്തിനായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വാഹനം വാങ്ങി നൽകിയാണ് വടശ്ശേരിക്കര മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകയാവുന്നത്. 20.1.2010 ന് വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എബ്രഹാം തോമസ് പദ്ധതിക്ക് വാഹനം കൈമാറി. ഇതോടനുബന്ധിച്ച് ആരോഗ്യ കേരളം സാന്ത്വനപരിചരണ പദ്ധതിയെ ആസ്പദമാക്കി നടന്ന സെമിനാറിൽ നൂറോളം പേർ സംബന്ധിച്ചു.

## നിന്നോട് കൂടെ വരുന്നു ഞാനും

നിന്നോട് കൂടെ വരുന്നു ഞാനും
'റബ്ബറിൻ തോട്ടത്തിൽ, കറയെടുക്കാൻ
നീയും വരുന്നോടീ എന്റെ കൂടെ'?
'പാടില്ലവിടെല്ലാം ഈഡിസുണ്ട്
പാടല്ലേ ഡെങ്കിപ്പനി പിടിച്ചാൽ'
'റബ്ബർ മരത്തിലെ ചിരട്ടയാകെ
കണ്ണേ, മഴയത്തു ഞാൻ കമഴ്ത്തീ'
'എന്നാലെനിക്കിനി പേടിയില്ലാ–
നിന്നോടു കൂടെ വരുന്നു ഞാനും'
'മഴ നീണ്ടു നിന്ന് ടാപ്പിംഗ് നിർത്തി
വയ്ക്കുമ്പോൾ ചിരട്ടകൾ കമഴ്ത്തി വച്ചിട്ട്
പോണേ ചങ്ങാതീ'
'ഡെങ്കിപ്പനിയും ചിക്കുൻഗുനിയായും
അകറ്റാൻ താങ്കളും സഹായിക്കണേ'!

ഉണ്ണികൃഷ്ണൻ. ആർ
കൺസൽറ്റന്റ് (ഐ.വി.എം)എസ്.ഡി.സി.എം.സി, കേരള

## മിനി മാരത്തോൺ

ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സ്കൂൾ വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എറണാകുളം ജില്ലയിൽ മിനി മാരത്തോൺ സംഘടിപ്പിച്ചു. വിദ്യാലയ ആരോഗ്യപരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച മിനി മാരത്തോണിൽ 4000–ത്തോളം സ്കൂൾവിദ്യാർഥികൾ പങ്കെടുത്തു. 2010 ജനുവരി 31 ന് ഡർബാർ ഹാളിൽ നിന്നാരംഭിച്ച മാരത്തോൺ കൊച്ചിൻ കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ എൻ. എ. മണി ഉദ്ഘാടനം ചെയ്തു

# ആരോഗ്യസന്ദേശം ഓട്ടൻതുള്ളലിലൂടെ

ററി.വേലപ്പൻ നായർ (കേവലൻ)
(ജെ.എച്ച്.ഐ., പി.എച്ച്.സി., ആര്യനാട്.)

സന്താനങ്ങൾ പെരുത്താൽ മർത്ത്യനു
സന്താപത്തിനു വഴിയാമെന്നതു
പൂന്തേൻമൊഴിമാരും പുനരവരുടെ –
കാന്തന്മാരുമറിഞ്ഞീടേണം.
ഒന്നോരണ്ടോ ആണെന്നാകിൽ
നന്നായിട്ടുവളർത്താനൊക്കും.
തിന്നു പുളച്ചവനെന്നും നല്ലൊരു
കന്നുകണക്കെകളിച്ചു നടക്കാം.
അങ്ങേവീട്ടിലെ അമ്മുക്കുട്ടിയു–
മങ്ങേരും സുഖമായി വസിപ്പൂ.
രണ്ടേകുട്ടികളുള്ളു അവർക്കതു–
രണ്ടും നല്ല ചുണക്കുട്ടന്മാർ.
എമ്മേക്കാരാണിരുവരുമവരുടെ
അമ്മേക്കണ്ടാലെത്ര ചെറുപ്പം!
സ്പഷ്ടമതായിചിന്തിച്ചീടിൽ
പട്ടരതായകുചേലനു പോലും
കഷ്ടതവന്നതു പരമാർഥത്തിൽ
കുട്ടികൾകൂടിയ കാരണമല്ലേ?
ശസ്ത്രക്രിയയുണ്ടതു വേണ്ടെങ്കിൽ
എത്ര തരം ചെറു വിദ്യകളുണ്ട്
ലൂപ്പ്, നിരോധ് തുടങ്ങിയ പലതും
കാപ്പിക്കടയിൽ പോലും കിട്ടും.
ഷോപ്പിൽ പല പല ഗുളികകളുണ്ടതു
ചീപ്പർ വിലക്കിഹ വാങ്ങിച്ചീടാം.
വാട്ടം കൂടാതിങ്ങനെ ഞാനൊരു
ഓട്ടൻതുള്ളലുരയ്ക്കുന്നേരം
മാർഗ്ഗം പലതുണ്ടെങ്കിലുമേതൊരു
മാർഗ്ഗം നൂതനമതു പറകെന്നായ്.
എന്നാലറിയുക എന്നെസ് വീയു–
ണ്ടെന്തേ കേട്ടിട്ടില്ലേ ആരും
വാസക്ടമിയുടെ നൂതനമാർഗ്ഗം
വാസ്തവമോർക്കിലെത്രയെളുപ്പം!
നോൺസ്കാപ്പൽ വാസക്ടമി അതു താൻ
എന്നെസ്വീയുടെ മുഴുവൻ പേരോ
തുന്നലുമില്ലാ സുഷിരവുമില്ല
എന്തിനു വേദനപോലും നാസ്തി.
എന്നെസ്വീയതു ചെയ്താൽ പണവും
ഇന്നുനമുക്കുകൊടുക്കും സർക്കാർ
കൂടുതൽ ഞാനുരചെയ്യാം കേൾക്കൂ
നേടണവറിവുകൾ ആരിൽ നിന്നും
ബീജവുമണ്ഡവുമായിച്ചേർന്നേ
സാധകമാവുകയുള്ളൂ ഗർഭം
ബീജത്തിൽ അണു ഇല്ലെന്നാലോ
ഖേദിക്കാതെ നടത്താം സംഗം.
രണ്ടാൾ ചേർന്നു പരസ്പരമൊന്നിനെ
ഉണ്ടാക്കീടിലുമൊന്നു നിറുത്താൻ
ചൊന്നാലാണു കഥിക്കും വേണേൽ
എന്നുടെ പെണ്ണോ അവളു നിറുത്തും
നാരിക്കുള്ളതു ശസ്ത്രക്രിയയാ
ണേറിയ സൂക്ഷ്മത അതിലോവേണം.
കീറലുവേണം തുന്നലുവേണം.
വേദന പെണ്ണു സഹിക്കുക വേണം
പേറുനടത്തിയ പെണ്ണിനു വേറൊരു
കീറു നടത്താൻ പറവതു ശരിയോ?
പുരുഷന്മാർക്കാണെങ്കിൽ പുറമേ
വൃഷണമിരിപ്പുണ്ടിതിതൊലിയോടായ്
ബീജം പോകും കുഴലും കാണാം
ബീജത്തിൽ അണു കൂടെ കാണാം
എന്നെസ്വീയതിലൂടെ അണുക്കളെ
ബന്ധിക്കുന്നെന്നാലും ബീജം
നന്നായൊഴുകും സുഖമിരുവർക്കും
നിർണ്ണയമോർക്കതിൽ കുറയുന്നില്ല
ശസ്ത്രക്രിയയും ചെയ്തവതെളുപ്പം
സത്യം വീട്ടിലുമുടനെ പോകാം.
കഠിനമതായ പ്രവർത്തികളെങ്കിലു
മരുതരുതോർക്കൂ ചെറിയൊരുനാളിൽ
മാസം മൂന്നുവരേക്കു നിരോധോ
വേഴ്ചക്കായികരുതുക ഉചിതം
പിന്നീടെങ്ങനെയാണോ സംഗം.
നിങ്ങളുടെ ഇഷ്ടം ഞാൻ പറയില്ല.
എന്നെസ്വീയതു ചെയ്താലും ശരി
അന്യരിലവിഹിതബന്ധമരുതേ
എന്നാൽ പലപല രോഗമുദിക്കാം
പിന്നീടെന്നെ പഴി പറയല്ലേ.
നൂതനമാർഗ്ഗമറിഞ്ഞുടനാളുകൾ
ചേതസിൽ മോദമുണർന്നുര ചെയ്തു
പേറുനടത്തിയ പെണ്ണിനൊടിനി നാം
കീറുനടത്താൻ പറയുകയില്ല
കന്ദർപ്പോത്സവമൊരുകാലത്തും
അന്യരിൽ ഞങ്ങൾ നടത്തീടില്ല
മോദമെനിക്കുണ്ടായി ജനത്തിനു
സാദരമിവനും നന്ദി പറഞ്ഞു.
ഓർക്കുക – എന്നെസ്വീയെപ്പോലൊരു
മാർഗ്ഗം വേറേ കഥിക്കാനില്ല.

## നിരണം പഞ്ചായത്തിൽ കഫ പരിശോധനാകേന്ദ്രം

പത്തനംതിട്ടജില്ലയിലെ നിരണം പഞ്ചായത്തിൽ 'കാർഡ്' എന്ന സന്നദ്ധസംഘടനയുടെ സഹകരണത്തോടെ ജില്ലാ ക്ഷയരോഗ കേന്ദ്രത്തിന്റെ കഫ പരിശോധനാകേന്ദ്രം പ്രവർത്തനമാരംഭിച്ചു. നിരണംപഞ്ചായത്തിലെയും സമീപപ്രദേശങ്ങളിലെയും രണ്ടാഴ്ചയിലധികം ചുമയുള്ള വ്യക്തികൾക്ക് സൗജന്യ കഫ പരിശോധന നടത്താൻ ഇതുവഴി അവസരം ലഭിക്കും. പരിപാടിയുടെ ഉദ്ഘാടനം ജില്ലാ ടി.ബി. ഓഫീസർ ഡോ. കുമരേശൻ നിർവ്വഹിച്ചു. നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതാ പ്രസാദ് അദ്ധ്യക്ഷത വഹിച്ചു.

## പാനൂർ സാമൂഹികാരോഗ്യകേന്ദ്രം ഒ.പി. ബ്ലോക്ക് ഉദ്ഘാടനം

ആരോഗ്യകേരളം പദ്ധതികൾക്കു കീഴിൽ കണ്ണൂർജില്ലയിലെ പാനൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിർമ്മിച്ച ഒ.പി. ബ്ലോക്കിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ നിർവ്വഹിച്ചു. ഈ കേന്ദ്രത്തെ ഫസ്റ്റ് റഫറൽ യൂണിറ്റായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശ്രീ.കെ. പി. മോഹനൻ എം.എൽ എ ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ പാനൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉസ്മാൻ, ജില്ലാ പഞ്ചായത്തംഗം ശ്രീ. കെ. കെ. പവിത്രൻ മാസ്റ്റർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി.വി. കൃഷ്ണൻ, ഡെപ്യൂട്ടി ജില്ലാമെഡിക്കൽ ഓഫീസർ ഡോ. ആർ. രമേശ്, ജില്ലാ പ്രോഗ്രാം മാനേജർ ഇൻചാർജ് ഡോ. ദിലീപ് കുമാർ എസ്. ആർ. തുടങ്ങിയവർ പങ്കെടുത്തു.



# ആരണ്യകത്തിന് ബി.സി.സി. ക്യാമ്പയിനോടെ തുടക്കം

തൃശ്ശൂർജില്ലയിലെ കൊടകര നിയോജക മണ്ഡലത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യവകുപ്പിന്റെയും വരന്തരപ്പിള്ളി, മറ്റത്തൂർ, അളഗപ്പ നഗർ പഞ്ചായത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ 'ആരണ്യകം' സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതി നടപ്പിലാക്കുന്നു. 'രോഗ പ്രതിരോധത്തിലൂടെ ആരോഗ്യസംരക്ഷണം' എന്ന മുദ്രാവാക്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ ആരോഗ്യസംരക്ഷണത്തിനു പുറമെ പച്ചക്കറിക്കൃഷി, സാക്ഷരത, തൊഴിൽ പരിശീലനം എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൊടകര നിയോജകമണ്ഡലത്തിലെ 288 ആദിവാസി കുടുംബങ്ങളെ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം 2010 ജനുവരി 21ന് വൈദ്യുതി – പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പു മന്ത്രി ശ്രീ. എ.കെ. ബാലൻ നിർവ്വഹിച്ചു. കൊടകര എം.എൽ.എ. പ്രൊഫ. സി. രവീന്ദ്രനാഥ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രജനന– ശൈശവ ആരോഗ്യ ക്യാമ്പും ബി.സി.സി.ക്യാമ്പയിനും സംഘടിപ്പിച്ചു.

ക്യാമ്പയിന്റെ ഭാഗമായി നൈപുണ്യ കോളേജിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കലാജാഥയിലൂടെയും ബോധവത്കരണ സ്കിറ്റിലൂടെയും എ.എൻ.സി. രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവയ്പ്പ്, പരിസരശുചിത്വം, പോഷകാഹാരം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങൾ നല്കി. പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യവശങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച സിനിമ/ഡോക്യുമെന്ററി പ്രദർശനവും ബോധവത്കരണ ക്ലാസ്സുകളും സ്കിറ്റുകളും സംഘടിപ്പിച്ചു. കൊടകര മണ്ഡലത്തിലെ എല്ലാ ആദിവാസി കുടുംബങ്ങളിലും ആരോഗ്യ സർവ്വെ നടത്തി ഹെൽത്ത് കാർഡ് വിതരണം ചെയ്തു. ആനപ്പാന്തം, കാരിക്കടവ്, എച്ചിപ്പാറ, ചീനിക്കുന്ന്, ഒളനപ്പറമ്പ്, നട്ടാംപ്പാടം, ചക്കിപ്പറമ്പ്, എലിക്കോട്, വേപ്പൂർ, കുന്നത്തുംപാടം, കള്ളിച്ചിത്ര എന്നീ കോളനികളിലായി സംഘടിപ്പിച്ച ക്യാമ്പുകളിൽ ആദിവാസിവിഭാഗത്തിൽപ്പെട്ട 613 പേർ പങ്കെടുത്തു.




## ഈ കൂട്ടയോട്ടം പ്രതിരോധശാക്തീകരണത്തിന്

മലപ്പുറംജില്ലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി നടന്ന ആരോഗ്യ പ്രവർത്തകരുടെ കൂട്ടയോട്ടം ശ്രദ്ധേയമായി. 2009 ഡിസംബർ 31 ന് മഞ്ചേരി ജില്ലാ ആശുപത്രിയുടെ പുതിയകെട്ടിടത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. 'രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കൂ, മാരകരോഗങ്ങളിൽ നിന്ന് മുക്തിനേടൂ, പരിസരശുചിത്വം പാലിച്ച് രോഗങ്ങൾ തടയൂ, മുലപ്പാൽ കുഞ്ഞിന് സമ്പൂർണ്ണ ആഹാരം, ഗർഭസ്ഥശിശുവിന്റെ ലിംഗ നിർണ്ണയം ശിക്ഷാർഹം' എന്നീ ആരോഗ്യസന്ദേശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മഞ്ചേരി മുൻസിപ്പാലിറ്റിയുടെ നാലു ദിശകളിൽ നിന്നുമായി 500ഓളം ആരോഗ്യപ്രവർത്തകരും സ്കൂൾ വിദ്യാർഥികളും കൂട്ടയോട്ടത്തിൽ പങ്കെടുത്തു.

മഞ്ചേരിജില്ലാ ആശുപത്രിയിൽ നടന്ന സമാപന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അരിമ്പ്ര മുഹമ്മദ് മാസ്റ്ററുടെ നേതൃത്വത്തിൽ പ്രതിജ്ഞ ചൊല്ലി. ഹെൽത്ത് സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീ. സലീം കരുവമ്പലം, ഡെ. ഡി.എം.ഒ. ഡോ. സക്കീന, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എ. ഷിബുലാൽ, ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.




## സ്വാസ്ഥ്യരഥം ശ്രദ്ധേയമായി



കൊല്ലം കന്റോൺമെന്റ് മൈതാനത്ത് ജനുവരി 18 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന അഖിലേന്ത്യാ പ്രദർശനത്തിൽ ആരോഗ്യകേരളം കൊല്ലത്തിന്റെ പവലിയൻ സ്വാസ്ഥ്യരഥം –2010 ജനശ്രദ്ധയാകർഷിച്ചു. ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെ ശ്രദ്ധിക്കേണ്ട ആരോഗ്യകാര്യങ്ങൾ, ജീവിതശൈലീരോഗങ്ങൾ, അർബുദം, പകർച്ചവ്യാധികൾ, കൊതുകുജന്യരോഗങ്ങൾ, രക്തദാനം, മുലയൂട്ടൽ, വയറിളക്കം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്ക്കരണം, ക്വിസ്സ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ സ്റ്റാളിനെ ശ്രദ്ധേയമാക്കി. നേത്രദാനത്തിനായുള്ള ബോധവത്കരണവും നേത്രദാന സമ്മതപത്രവിതരണത്തിനുള്ള സംവിധാനവും സ്റ്റാളിൽ ഒരുക്കിയിരുന്നു. ബോഡിമാസ് ഇൻഡക്സ് കണക്കാക്കി കൗൺസലിങ് നൽകുന്ന ബി.എം.ഐ. പരിശോധനയിൽ 4378 പേർ പങ്കെടുത്തു. ഇതിൽ 9% ഒബേസിറ്റി, 27% പേർക്ക് അമിതവണ്ണം, 54% പേർ സ്വാഭാവികവണ്ണവും, 10% കുറഞ്ഞ വണ്ണവും രേഖപ്പെടുത്തി.

വൈസ്മെൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ ആരോഗ്യകേരളം പവലിയന്റെ ഉദ്ഘാടനം ഡി.എം.ഒ. ഡോ. കെ.ഐ. ജോർജ്ജും കിറ്റിഷോയുടെ ഉദ്ഘാടനം ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എം. ശിവസുതനും നിർവ്വഹിച്ചു.

ആരോഗ്യകേരളം
വാർത്താപത്രിക
FOR PRIVATE CIRCULATION ONLY




# തീവ്രയജ്ഞം 2010

നമ്മുടെ നാട്ടിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന നാല് രോഗങ്ങളാണ് എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി എന്നീ പകർച്ചവ്യാധികൾ. ഇത്തരം പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടശേഷം അവയെ നിയന്ത്രിക്കുന്നതിനേക്കാൾ ആവശ്യവും ഫലപ്രദവും പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നുണ്ടെങ്കിലും നമ്മുടെ ശ്രമങ്ങൾ ലക്ഷ്യം കൈവരിക്കണമെങ്കിൽ കൂടുതൽ ഫലപ്രദവും ആത്മാർത്ഥവുമായ ഇടപെടൽ കൂടിയേ തീരൂ.

മേൽപ്പറഞ്ഞ നാല് രോഗങ്ങളെ പ്രതിരോധിക്കുവാനും രോഗാതുരത കുറയ്ക്കുവാനും മരണം ഒഴിവാക്കാനുമായി 'ഫോർ പ്ലസ് തീവ്രയജ്ഞം 2010' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധ–നിയന്ത്രണ പരിപാടി സർക്കാർ നടപ്പിലാക്കി വരുന്നു . നാല് രോഗങ്ങൾക്കെതിരായ ഈ പ്രതിരോധ യജ്ഞത്തിൽ നാലു പ്രവർത്തന തന്ത്രങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

## ☐ കാലേക്കൂട്ടിയുള്ള രോഗനിരീക്ഷണം.

ആശ, കുടുംബശ്രീ വോളിയേഴ്സ്, അംഗൻവാടി പ്രവർത്തകർ, മറ്റ് സന്നദ്ധപ്രവർത്തകർ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവർ ഗൃഹസന്ദർശനം നടത്തി പനി നിരീക്ഷണവും ഈഡിസ് കൊതുകു നിരീക്ഷണവും നടത്തുന്നു. ഏതെങ്കിലും പ്രദേശത്ത് പനി കൂടുന്നുവെങ്കിൽ തുടക്കത്തിലേ മനസ്സിലാക്കി നടപടി സ്വീകരിക്കാൻ ഇത് സഹായിക്കുന്നു..പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും മറ്റ്ഗവ: ആശുപത്രികളിലും പ്രൈവറ്റ് ആശുപത്രികളിൽ നിന്നുമുള്ള പനിയുടെ കണക്കുകൾ ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്കും അവിടെ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്കും, സംസ്ഥാന രോഗനിയന്ത്രണ അവലോകന സെല്ലിലേയ്ക്കും (SDCMC) ദിവസേന അയയ്ക്കുന്നു. ഓരോ തലത്തിലും ഈ റിപ്പോർട്ട് അപഗ്രഥിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നു. .വീടുകൾ, സ്ഥാപനങ്ങൾ, കടകൾ, സ്കൂളുകൾ, ആശുപത്രികൾ, പ്ലാന്റേഷനുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയിൽ വോളിയർമാരോ, ഫീൽഡ് സ്റ്റാഫോ പോയി ഈഡിസ് കൊതുകിന്റെ ഉറവിടങ്ങൾ പരിശോധിച്ച് കൊതുകു സൂചികകൾ തയ്യാറാക്കുന്നു.. ഈഡിസ് നിരീക്ഷണത്തോടൊപ്പം ജനങ്ങളെക്കൊണ്ടു തന്നെ കൊതുകിന്റെ ഉറവിട നശീകരണവും ചെയ്യിപ്പിക്കുന്നതിനാൽ രോഗസാദ്ധ്യതയേറിയ പ്രദേശങ്ങൾ രോഗസാദ്ധ്യത കുറഞ്ഞ പ്രദേശം ആയി മാറുന്നു.

## ☐ രോഗപ്രതിരോധ  നിയന്ത്രണ നടപടികൾ

ഓരോ പ്രദേശത്തെയും പരിസ്ഥിതിക്കും പ്രശ്നങ്ങൾക്കും യോജിച്ച പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഖരദ്രവമാലിന്യങ്ങളുടെ തരംതിരിച്ച് സംസ്കരിക്കൽ വഴി ഈച്ച, കൊതുക്, എലി, തുടങ്ങിയവയുടെ ഉറവിടങ്ങൾ നശിപ്പിച്ച് അവയെ നിയന്ത്രിക്കാൻ സാധിക്കും. വീടുകളിലും സ്കൂളുകളിലും ആശുപത്രികളിലും കടകളിലും മറ്റ് സ്ഥാപനങ്ങളിലും ആഴ്ചയിൽ ഒരിക്കൽ 'ഡ്രൈ ഡേ' ആചരണം നടത്തുക വഴി ഈഡിസിന്റെ ഉറവിടങ്ങൾ നശിപ്പിക്കുന്നു. ഇത് ഏറ്റവും ലളിതവും എന്നാൽ ഫലപ്രദവുമായ ഒരു പ്രതിരോധമാർഗമാണ്. ജൈവികനിയന്ത്രണം, പരിസ്ഥിതി പരിഷ്ക്കരണം, വ്യക്തിഗത സുരക്ഷ, രാസനിയന്ത്രണം തുടങ്ങിയവയാണ് മറ്റ് നിയന്ത്രണ മാർഗ്ഗങ്ങൾ.ഇവ കൂടാതെ രോഗചികിത്സയും, പ്രതിരോധ ചികിത്സയും അതിനുള്ള മാർഗനിർദ്ദേശങ്ങളും പ്രോട്ടോകോളും അനുസരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

## ☐ പെരുമാറ്റ വ്യതിയാന ആശയവിനിമയം

ജനങ്ങളുടെ ജീവിതശൈലിയിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുവാൻ ഉതകുന്ന ബോധവത്ക്കരണ പരിപാടികൾ വീടുകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തും. ഇതിൽ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ബോധവത്ക്കരണത്തിന് കൂടുതൽ ഊന്നൽ നൽകുന്നു. പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പാലിച്ച് പ്രവർത്തനങ്ങൾ നടത്തുന്ന ഒരു വരും തലമുറയെ സൃഷ്ടിക്കാൻ ഇത് സഹായകരമാകും. സന്നദ്ധ സേവകർക്കും, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമൊക്കെ ആവശ്യമായ പരിശീലനവും നൽകും. ഓരോ പി.എച്ച്.സിയിലും ബോധവത്ക്കരണ കോർ ഗ്രൂപ്പുകൾ ഉണ്ടാക്കും. പകർച്ചവ്യാധികളെപ്പറ്റിയും അവയുടെ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കാനുള്ള നടപടി സ്വീകരിക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ☐ അവലോകനവും മേൽനോട്ടവും

താഴേത്തട്ടിൽ ഓരോ വാർഡിലും  ഉള്ള കുടുംബങ്ങളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലുമൊക്കെ നടത്തുന്ന പ്രവർത്തനങ്ങൾ  ഉൾപ്പെടെ  ഓരോ തലത്തിലും ഉള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ അവലോകനവും മേൽനോട്ടവും നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ, പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തലങ്ങളിലുള്ള രോഗനിയന്ത്രണ അവലോകന സമിതികൾ ഓരോ മാസവും വിളിച്ചു കൂട്ടാനും പ്രവർത്തനപുരോഗതി വിലയിരുത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആരോഗ്യ സേവന ഡയറക്ടറേറ്റും സംസ്ഥാനതല രോഗനിയന്ത്രണ അവലോകന സമിതിയും സംസ്ഥാന രോഗനിയന്ത്രണ അവലോകന സെല്ലും സംസ്ഥാനതലത്തിൽ ഫോർ പ്ലസ് തീവ്രയജ്ഞം സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടക്കുന്നുവെന്ന് ഉറപ്പാക്കും.

വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാൻ ഇന്റർസെക്ടറൽ കോർഡിനേഷൻ യോഗങ്ങളും വിളിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ എല്ലാവരുടേയും സഹകരണത്തോടെ നിരന്തരം ശ്രമിച്ചാൽ തീർച്ചയായും ഈ യജ്ഞം വിജയിപ്പിച്ച് നമുക്ക് ലക്ഷ്യത്തിലെത്താനാകും.




design:mailtopepper@gmail.com

NRHM Monthly Newsletter published by State Mission Director, National Rural Health Mission, 'Arogyakeralam', Directorate of Health Services
General Hospital Jn., Thiruvananthapuram 695 035, Tel: 0471-2302784, Telefax: 91-471-2301181, www.arogyakeralam.gov.in